**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 881 1.3.2017-ൽ മറുപടിയ്ക്ക്**

**തിരുവങ്ങൂർ കാലിത്തീറ്റ ഫാക്ടറി തുറന്ന് പ്രവർത്തിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ദാസൻ | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം<br>ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) കൊയിലാണ്ടി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവങ്ങൂർ കാലിത്തീറ്റ ഫാക്ടറി, നിർമ്മാണം പൂർത്തിയായി മാസങ്ങൾ കഴിഞ്ഞിട്ടും, തുറന്ന് പ്രവർത്തിക്കാത്തതു കൊണ്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഈ വിഷയത്തിൽ സർക്കാരിന് സമർപ്പിച്ച നിവേദനങ്ങളിൽ ഇതു വരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | ബി) കമ്പനിയും സർക്കാരും സ്വന്തം നിലക്ക് തന്നെ നടപടി സ്വീകരിച്ചു വരുന്നു. ആയത് താഴെ വിവരിക്കുന്നു. മൃഗ സംരക്ഷണ വകുപ്പ് മന്ത്രി, സെക്രട്ടറി, സ്ഥലം എം.എൽ.എ എന്നിവർ 6-1-2017 ന് ഫാക്ടറി സന്ദർശിച്ച് കാര്യങ്ങൾ വിലയിരുത്തി. പഞ്ചായത്തിൽ നിന്ന് ബിൽഡിംഗ് നമ്പറും ലൈസൻസും ലഭിച്ചിട്ടില്ലാത്തതിനാൽ വൈദ്യുതി ബന്ധം ലഭ്യമായിട്ടില്ല. സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് ബിൽഡിംഗ് ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതും നിർദ്ദിഷ്ട വ്യവസായ യൂണിറ്റിന് ഓക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നതും സംബന്ധിച്ച് കേരള ഫീഡ്സ് നൽകിയിട്ടുള്ള നിവേദനം തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. |

| | |
|---|---|
| സി) പ്രസ്തുത കാലിത്തീറ്റ ഫാക്ടറി എത്രയും വേഗം തുറന്ന് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ ? | സി) 2016 ജനുവരിയിൽ ഫാക്ടറിയുടെ നിർമ്മാണം പൂർത്തീകരിച്ച് പരീക്ഷണ അടിസ്ഥാനത്തിൽ ഉൽപ്പാദനം നടത്തുകയുണ്ടായി.വൈദ്യുതി ബന്ധം ലഭിച്ചാലുടനെ ഫാക്ടറി വാണിജ്യ അടിസ്ഥാനത്തിൽ തുറന്ന് പ്രവർത്തിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ